ബഹറിൻ, ദമാം, ദുബായ്, ഷാർജ, ഖത്തർ, അബുദാബി ഇവിടെയൊക്കെ ജോലിയെടുക്കുന്ന ലക്ഷക്കണക്കിന് ആളുകൾക്ക് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ എംബസിയുടെ കീഴിൽ കേരളാ ഗവൺമെന്റിന്റെ ഒരു ലെയിസൺ ഓഫീസറെ നിയമിക്കുന്നതിന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. സൗദി അറേബ്യയിലെ ദമാം, റിയാദ്, ജിദ്ദ തുടങ്ങിയ നിരവധി പ്രദേശങ്ങളിലും ഞാൻ സൂചിപ്പിച്ചതുപോലെ മലയാളികൾ വളരെയധികം വിഷമങ്ങൾ അനുഭവിക്കുകയാണ്. ഉത്തരേന്ത്യക്കാരായ ഉദ്യോഗസ്ഥന്മാരിൽ നിന്നും യാതൊരു നീതിയും മലയാളികളെ സംബന്ധിച്ചിടത്തോളം ലഭിക്കുന്നില്ല. സൗദി അറേബ്യയുടെ തലസ്ഥാനമായ റിയാദിലാണ് ഏറ്റവും അധികം മലയാളികൾ ജോലി ചെയ്യുന്നത്. മലയാളി കളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ യു.എ.ഇ.യിലും നമ്മുടെ എംബസികളിലും കോൺസലേറ്റുകളിലും കേന്ദ്രത്തിൽ നിന്നും അനുമതി വാങ്ങിക്കൊണ്ട് കേരളാ ഗവൺമെന്റിന്റെ ഐ.എ.എസ്. കേഡറിലുള്ള ഒരു ഉദ്യോഗസ്ഥനെ ലെയിസൺ ഓഫീസറായി നിയമിച്ചുകൊണ്ട് ഗൾഫ് മലയാളികളുടെ പ്രശ്നത്തിന് പരിഹാരം കാണണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : ഡെപ്യൂട്ടി സ്പീക്കർ സർ, ഗൾഫ് മേഖലയിലെ എല്ലാ രാജ്യങ്ങളിലും ഇന്ത്യയുടെ നയതന്ത്രകാര്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വിദേശത്തുള്ള ഇന്ത്യാക്കാരുടെ ക്ഷേമത്തിന് ആ രാജ്യത്തിലെ അധികാരികളുമായി നിയമപരമായി ബന്ധപ്പെടാനും ഇടപെടാനും നയതന്ത്രപരമായ അധികാരങ്ങളും അവകാശങ്ങളും ഉള്ള ഈ നയതന്ത്ര കാര്യാലയങ്ങളിലെ ഉദ്യോഗസ്ഥർക്ക് മാത്രമേ സാധിക്കുകയുള്ളൂ. ആ രാജ്യങ്ങളിലെ അധികാരികളുമായി ബന്ധപ്പെടാൻ അവിടത്തെ ഭാഷയും നിയമങ്ങളും ചട്ടങ്ങളും അറിഞ്ഞിരിക്കേണ്ടതുണ്ട്. ഇതിനായി എല്ലാ എംബസികളിലും 'കോൺസൽ (ലേബർ)' എന്ന തസ്തിക നിലവിലുണ്ട്. ഈ ഉദ്യോഗസ്ഥനാണ് അധികാരികളുമായി ബന്ധപ്പെട്ട് പ്രശ്നപരിഹാരത്തിന് ശ്രമിക്കുന്നത്. ഗൾഫ് മേഖലകളിലെ നയതന്ത്ര കാര്യാലയങ്ങളിൽ മലയാളം അറിയുന്നവരെ നിയമിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് പലപ്പോഴായി സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. മലയാളികളെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ അതാത് രാജ്യങ്ങളിലെ എംബസികളുമായി പ്രവാസി കേരളീയ കാര്യവകുപ്പ് (നോർക്ക) ബന്ധപ്പെട്ട് പരിഹാരം തേടി വരുന്നു. ലെയിസൺ ഓഫീസറെ നിയമിക്കുന്ന കാര്യം പരിശോധിക്കേണ്ടത് നമ്മളല്ല, കേന്ദ്രസർക്കാരാണ്.

(5) എഴുകോൺ സ്വദേശി സുധീർകുമാറിന്റെ ദുരൂഹ സാഹചര്യത്തിലുള്ള മരണം

ശ്രീ. എഴുകോൺ നാരായണൻ : സർ, നെടുവത്തൂർ നിയോജക മണ്ഡലത്തിൽപ്പെട്ട എഴുകോൺ നിവാസികളും കെ.ഐ.പി. ഉദ്യോഗസ്ഥനുമായ സുധീർകുമാറിന്റെ ദുരൂഹ സാഹചര്യത്തിലുള്ള മരണം ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനു വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പട്ടികജാതിക്കാരനായ സുധീർകുമാർ തെന്മലയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

കെ.ഐ.പി. ഓഫീസിൽ തന്റെ മേശയിൽ സൂക്ഷിച്ചിരുന്ന 56,000-ത്തോളം രൂപ കളവ് പോയത് സംബന്ധിച്ച് ഫെബ്രുവരി മാസം 2-ാം തീയതി തെന്മല പോലീസ് സ്റ്റേഷനിൽ ഒരു പരാതി നൽകിയിരുന്നു. പരാതിക്കാരനായ സുധീർകുമാറിനെ 2-ാം തീയതി തന്നെ തെന്മല പോലീസ് ചോദ്യം ചെയ്യാൻ എന്ന പേരിൽ അന്യായമായി കസ്റ്റഡിയിൽ വച്ച് മൃഗീയമായി പീഡിപ്പിച്ചു. പട്ടികജാതിക്കാരനായ സുധീർകുമാറിനെ കസ്റ്റഡിയിൽ വച്ച് പീഡിപ്പിച്ചതിന് പുറത്തുള്ള ചിലരുടെ ഒത്താശയും പോലീസിന് ലഭിച്ചതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. പരാതി നൽകിയതിന്റെ പേരിൽ തന്റെ ഭർത്താവ് പോലീസ് സ്റ്റേഷനിൽ കസ്റ്റഡിയിൽ ആണെന്നറിഞ്ഞ് തെന്മല പോലീസ് സ്റ്റേഷനിൽ ഫെബ്രുവരി മാസം 3-ാം തീയതി സുധീർകുമാറിന്റെ ഭാര്യ ഷൈലജ എത്തിയപ്പോൾ കാണാൻ കഴിഞ്ഞത് പരാതിക്കാരനായ ഭർത്താവ് മർദ്ദനമേറ്റ് അടിവസ്ത്രം മാത്രം ധരിച്ച് അവശനായി ലോക്കപ്പിൽ കിടക്കുന്നതാണ്. രണ്ടു ദിവസം നിരന്തരമായ പീഡനത്തിനുശേഷം സുധീർകുമാറിനെ വിട്ടയച്ചു എന്നാണ് പോലീസ് പറയുന്നത്. എന്നാൽ, 4-ാം തീയതി തെന്മല പോലീസ് സ്റ്റേഷന് അധികം ദൂരെയല്ലാത്ത സ്ഥലത്ത് സുധീർകുമാർ തൂങ്ങി മരിച്ചുനിൽക്കുന്നതായി കാണപ്പെടുകയുണ്ടായി. പട്ടികജാതിക്കാരനായ സുധീർകുമാറിന്റെ ദുരൂഹ സാഹചര്യത്തിലുള്ള ഈ മരണം ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ഞാൻ സർക്കാരിനോട് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ): സ്പീക്കർ സർ, തെന്മല കെ.ഐ.പി.-ആർ.ബി. പ്രോജക്ട് ഡിവിഷനിലെ ലോവർ ഡിവിഷൻ ക്ലാർക്കായിരുന്ന സുധീർകുമാറിന്റെ ഓഫീസ് മേശയിൽ സൂക്ഷിച്ചിരുന്ന സർക്കാർ വക അൻപത്തി ആറായിരത്തി നൂറ്റിയറുപത് രൂപ (56,160 രൂപ) 2001 ഫെബ്രുവരി ഒന്നിന് രാത്രിയിൽ മോഷണം പോയി. സുധീർകുമാറിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് തെന്മല പോലീസ് സ്റ്റേഷനിൽ ക്രൈം 28/2001 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തു. ഫെബ്രുവരി മൂന്ന്, നാല് തീയതികളിൽ ടിയാനെ സ്റ്റേഷനിൽ വിളിച്ചുവരുത്തി ചോദ്യം ചെയ്ത് വിട്ടയച്ചിരുന്നു. എന്നാൽ നാലാം തീയതി വീട്ടിൽ നിന്നിറങ്ങിയ ടിയാൻ തിരിച്ചെത്തിയില്ലെന്നും ബന്ധുക്കൾ അടുത്ത ദിവസം പോലീസ് സ്റ്റേഷനിൽ അറിയിച്ചു. അതേപ്പറ്റി അന്വേഷണം നടത്തുമ്പോൾ പോലീസ് സ്റ്റേഷനിൽ നിന്നും 500 മീറ്റർ മാറി റയിൽവേ സ്റ്റേഷനു സമീപത്തുള്ള ഒരു മരത്തിൽ ടിയാൻ കെട്ടിത്തൂങ്ങി മരിച്ചു നിൽക്കുന്നതായി 6-2-2001-ന് രാവിലെ കാണപ്പെട്ടു. ഇത് സംബന്ധിച്ച് തെന്മല പോലീസ് സ്റ്റേഷനിൽ ക്രൈം 31/2001 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തു. സുധീർകുമാറിന്റെ മരണത്തിൽ ദുരൂഹതയുണ്ടെന്ന് കാണിച്ച് ടിയാന്റെ ഭാര്യ ഷൈലജയിൽ നിന്ന് 22-2-2001-ന് ലഭിച്ച പരാതിയെ തുടർന്ന് കേസന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറാൻ ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly